നേരിടുന്ന ബോർഡുകൾ സ്വയംപര്യാപ്തമാക്കുന്നതിനും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 07/2009/തൊഴിൽ പ്രകാരം മുൻലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, സമാനസ്വഭാവമുള്ള എല്ലാ ക്ഷേമനിധി ബോർഡുകളേയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ഡോ. എ. വി. ജോസ് ചെയർമാനും ഡോ. എ. കെ. ശ്രീഹരി, ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം) കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി

27 (*597) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കാർഷിക മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അഗ്രി ബിസിനസ് കൺസോർഷ്യം വഴി വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വിശദീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) ഉണ്ട്.

കാർഷിക മേഖലയിൽ യുവാക്കൾക്ക് കാർഷിക യന്ത്രങ്ങളിൽ RTTC-യും എല്ലാ ജില്ലാ എഞ്ചിനീയറിംഗ് ഓഫീസുകളിലും ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൻ കീഴിലുള്ള മാതൃകാ ചെറുകിട നഴ്സറികളുടെ സ്ഥാപനം, പച്ചക്കറി വിത്തുൽപ്പാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം, ജലവിഭവ സ്രോതസ്സുകളുടെ നിർമ്മാണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, കൂൺ ഉൽപ്പാദനം, തേനീച്ച വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോകൺട്രോൾ ലാബുകളുടെ സ്ഥാപനം, ടിഷ്യൂകൾച്ചർ ലാബുകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾവഴി കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കാർഷിക യന്ത്രങ്ങളുടെ പരിശീലനം നൽകുന്നുണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സൂപ്പർവൈസർമാർ, തോട്ടം പരിപാലിക്കുന്നവർ (ഗാർഡനർ), സംരംഭകർ, കർഷകർ എന്നിവർക്ക് പരിശീലനം നൽകുന്നുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, നഴ്സറി പരിചരണം, കാർഷിക വിളകളുടെ ശാസ്ത്രീയ പരിചരണം, ഉൽപ്പന്നങ്ങളുടെ സംസ്ക്കരണവും വിപണനവും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംസ്ക്കരണം, മൂല്യവർദ്ധനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികാധിഷ്ഠിത വ്യാപാരവ്യവസായ സംരംഭങ്ങൾക്ക് കേന്ദ്ര എസ്.എഫ്.എ.സി.-യുടെ സഹായത്തോടെ പലിശരഹിത സംരംഭ മൂലധന വിതരണ പദ്ധതി 2005 മുതൽ നടപ്പിലാക്കിവരുന്നു. തെങ്ങ്, കുരുമുളക്, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, ഫിഷറീസ് മുതലായവ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

(സി) വിവിധ ജില്ലകളിലായി 20 യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി.-മുഖേന സംരംഭ മൂലധനം നൽകിയിട്ടുണ്ട്. ഇതിൽ കോട്ടയം ജില്ലയിൽ രാമപുരത്ത് പ്രവർത്തിക്കുന്ന ബിശ്വാസ് കറി പൗഡർ യൂണിറ്റ്, മോനിപ്പള്ളിയിൽ പ്രവർത്തിക്കുന്ന കോക്കനട്ട് വിനിഗർ യൂണിറ്റ്, കാസർഗോഡ് പ്രവർത്തിക്കുന്ന ലിജിനാസ് കറി പൗഡർ യൂണിറ്റ് എന്നിവയുടെ സംരംഭകർ വനിതകളാണ്. ഈ 3 യൂണിറ്റുകളിലും മറ്റ് 17 യൂണിറ്റുകളിലും അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ ഉൽപ്പാദനംവരെയുള്ള പ്രവൃത്തികളിൽ സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ട്.

സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകാൻ നടപടി

28 (*598) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മെഡിസിൻ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പുറമേ മറ്റ് ഏതെല്ലാം കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്കാണ് ആനുകൂല്യം നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly